**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4128** **18-07-2022 - ൽ മറുപടിയ്ക്ക്**

**കുടുംബപെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുഹമ്മദ് മുഹസിൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവിനോടനുബന്ധിച്ച് കുടുംബ പെൻഷൻ ലഭിക്കുന്നവരുടെ പെൻഷൻ ആനുകൂല്യങ്ങൾ റിവൈസ് ചെയ്യുന്നതിന് അപേക്ഷ സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചിരുന്നോ ; എങ്കിൽ അവസാന തീയതി എന്നുവരെ ആയിരുന്നുവെന്ന് വ്യക്തമാക്കുമോ ; | (എ) | **പത്താം ശമ്പള പരിഷ്കരണം പ്രകാരം പെൻഷൻ / കുടുംബപെൻഷൻ വാങ്ങിക്കൊണ്ടിരിക്കുന്ന പെൻഷണർമാരുടെ 11-ാം പെൻഷൻ പരിഷ്കരണം പ്രത്യേകമായി അപേക്ഷകൾ സ്വീകരിക്കാതെ തന്നെ പരിഷ്കരിച്ച് നൽകുവാനും കുടിശ്ശിക നാല് ഗഡുക്കളിൽ ആദ്യ രണ്ട് ഗഡുക്കൾ സത്യവാങ്മൂലം വാങ്ങാതെ തന്നെ വിതരണം ചെയ്യുവാനും തുടർന്നുള്ള രണ്ട് ഗഡുക്കൾ സത്യവാങ്മൂലം വാങ്ങിയ ശേഷം വിതരണം ചെയ്യുവാനും 19/03/2021 തീയതിയിലെ പരിപത്രം നമ്പർ. 27/2021/ധന മുഖേന വ്യവസ്ഥ ചെയ്തിരുന്നു. തുടർന്ന്, 19/07/2021 ലെ പരിപത്രം നമ്പർ 57/2021/ധന പ്രകാരം 30.09.2021 ന് മുൻപ് നിർദ്ദിഷ്ട സത്യവാങ്മൂലം സമർപ്പിക്കാത്ത പെൻഷൻകാരുടെ പെൻഷൻ കുടിശ്ശികയുടെ നാലാമത് ഗഡു താൽക്കാലികമായി നിർത്തി വയ്ക്കുവാനും സത്യവാങ്മൂലം സമർപ്പിക്കുന്ന മുറയ്ക്ക് ബാക്കിയുള്ള ഗഡു വിതരണം ചെയ്യാനും വ്യവസ്ഥ ചെയ്തിരുന്നു.** |
| (ബി) | നിശ്ചിത സമയത്തിനുള്ളിൽ പെൻഷൻ റിവിഷനുള്ള അപേക്ഷ സമർപ്പിക്കാത്തവർക്ക് കുടിശ്ശിക അനുവദിക്കില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ ; | (ബി) | **പത്താം ശമ്പള പരിഷ്കരണം പ്രകാരം പെൻഷൻ / കുടുംബപെൻഷൻ വാങ്ങിക്കൊണ്ടിരിക്കുന്ന പെൻഷണർമാരുടെ 11-ാം പെൻഷൻ പരിഷ്കരണം പ്രത്യേകമായി അപേക്ഷകൾ സ്വീകരിക്കാതെ തന്നെ പരിഷ്കരിച്ച് നൽകുവാനും കുടിശ്ശിക നാല് ഗഡുക്കളിൽ ആദ്യ രണ്ട് ഗഡുക്കൾ സത്യവാങ്മൂലം വാങ്ങാതെ തന്നെ വിതരണം ചെയ്യുവാനും തുടർന്നുള്ള രണ്ട് ഗഡുക്കൾ സത്യവാങ്മൂലം വാങ്ങിയ ശേഷം വിതരണം ചെയ്യുവാനും 19/03/2021 തീയതിയിലെ പരിപത്രം നമ്പർ. 27/2021/ധന മുഖേന വ്യവസ്ഥ ചെയ്തിരുന്നു. തുടർന്ന്, 19/07/2021 ലെ പരിപത്രം നമ്പർ 57/2021/ധന പ്രകാരം 30.09.2021 ന് മുൻപ് നിർദ്ദിഷ്ട സത്യവാങ്മൂലം സമർപ്പിക്കാത്ത പെൻഷൻകാരുടെ പെൻഷൻ കുടിശ്ശികയുടെ നാലാമത് ഗഡു താൽക്കാലികമായി നിർത്തി** |

| | | | |
|---|---|---|---|
| | | | **വയ്ക്കുവാനും സത്യവാങ്മൂലം സമർപ്പിക്കുന്ന മുറയ്ക്ക് ബാക്കിയുള്ള ഗഡു വിതരണം ചെയ്യാനും വ്യവസ്ഥ ചെയ്തിരുന്നു.** |
| (സി) | ആയത് ലഭിക്കുന്നതിന് അപേക്ഷ നൽകുവാൻ കഴിയാത്തവർക്ക് ഒരു അവസരം കൂടി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ? | (സി) | ബാധകമല്ല |

സെക്ഷൻ ഓഫീസർ